**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

---

**ഇ . എച്ച് 1/28887/2024/ആ.വ .ഡ തീയതി- 14-03-2025**

## <u>സർക്കുലർ</u>

**വിഷയം : ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ 2025 -ലെ പൊതു സ്ഥലം മാറ്റത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

പരാമർശം: 1. സ.ഉ.(പി)നമ്പർ.03/2017/ഉ.ഭ.പ.വ. തീയതി. 25.02.2017.

2. സ.ഉ.(സാധാ) നമ്പർ.729/2025/ആ.കു.വ. തീയതി. 11.03.2025

3. സർക്കുലർ നം. ഇ . എച്ച് 1/ 28887/2024/ആ.വ .ഡ തീയതി:19/12/2024.

പരാമർശം 2 ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിൽ 2025 -ലെ പൊതു സ്ഥലംമാറ്റത്തിനായി മാർച്ച് മാസം 15 മുതൽ ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീയതികളിലായി 2025 -ലെ പൊതു സ്ഥലംമാറ്റ നടപടികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1 . ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം 15/03/2025 മുതൽ 24/03/2025 - ന് വൈകുന്നേരം 5.00 മണിവരെ ആയിരിക്കും .

2 . ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ആഫീസ് മേധാവി പരിശോധിച്ച് 29/03/2025 -ന് വൈകുന്നേരം 5 . 0 0 മണിയ്ക്ക് മുമ്പായി ജില്ലാ മെഡിക്കൽ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

3 . ജില്ലാ മെഡിക്കൽ ആഫീസർക്ക് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 03/04/2025 -ന് വൈകുന്നേരം 5.00 മണി ആയിരിക്കും .

4. കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : **13/04/2025**

5. കരടിന്മേൽ പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി : **22/04/2025**

6. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി : **30/04/2025**

മേൽ പരാമർശം ഉത്തരവ് 1 -ന്റെ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ **Annexure -1** ആയും , അപേക്ഷ സമർപ്പിക്കേണ്ടതായ രീതി, സ്ഥാപന മേധാവിയുടേയും, ജില്ലാ മെഡിക്കൽ ഓഫീസറുടേയും കർത്തവ്യങ്ങൾ എന്നിവ വിശദമാക്കുന്ന **User Manual** ഇതോടൊപ്പം **Annexure - II** ആയും ഉള്ളടക്കം ചെയ്യുന്നു.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സംശയ നിവാരണത്തിനായി ആരോഗ്യ വകുപ്പ് കാര്യാലയത്തിലെ ഇ.എച്ച് സെക്ഷനുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ **-04712519266.**

Signed by
Reena K J
Date: 14-03-2025 18:15:05

**ഡോ . റീന കെ. ജെ**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ് :- എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും/ ജീവനക്കാർക്കും

പകർപ്പ് :- ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്